Unique Id of VO/NGOKL/2022/0309720

*Chief Patron*
**Dr. Justice K. Narayana Kurup**
(Former Judge, High Court of Kerala &
Ag. Chief Justice , High Court of Madras)

*Chairman*
**Eby J Jose**

**ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി മുമ്പാകെ കോട്ടയം ജില്ലയിലെ പാലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ ചെയർമാൻ എബി ജെ ജോസ് സമർപ്പിക്കുന്ന പരാതി**

സർ,

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടറുടേതായി പുറത്തിറക്കിയ പത്രക്കുറിപ്പ് ഇന്നലെയും (29/12/2025) ഇന്നുമായി ഓൺലൈൻ മാധ്യമങ്ങളിലും പത്രങ്ങളിലും ന്യൂസ് ചാനലുകളിലും വാർത്തയായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുകയാണ്. പത്രക്കുറിപ്പ് ചുവടെ ചേർക്കുന്നു.

പാലക്കാട് മേനോൻപാറയിൽ പ്രവർത്തിക്കുന്ന മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡിൽ നിന്നും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇന്ത്യൻ നിർമ്മിതവിദേശ മദ്യത്തിന്റെ (ബ്രാൻഡി) ലോഗോയും മദ്യത്തിന്റെ പേരും പൊതുജനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇതിലേക്കുള്ള നിർദ്ദേശങ്ങൾ 07/01/2026നകം malabardistilleries@gmail.com എന്ന മെയിൽ ഐഡിയിൽ അറിയിക്കാവുന്നതാണ്. അനുയോജ്യമായ ലോഗോയും പേരും നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് 10,000/രൂപ വീതം ഉദ്ഘാടനവേളയിൽ പാരിതോഷികം നൽകുന്നതാണ് എന്ന് ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ എന്നാണ് പത്രക്കുറിപ്പിൽ പറയുന്നത് (പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.) ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി ഓൺലൈൻ മാധ്യമങ്ങളും ദൃശ്യ പ്രിന്റ് മാധ്യമങ്ങളും ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ നടപടി മദ്യ ഉത്പന്നത്തെയും അതുവഴി മദ്യപാനത്തെയും പ്രോൽസാഹിപ്പിക്കാൻ ഉതകുന്ന വിധത്തിലുള്ള പരസ്യമാണെന്നു ആർക്കും ബോധ്യമാകുന്ന കാര്യമാണ്.

ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽ (Part IV) ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശക തത്വങ്ങളിലാണ് (Directive Principles of State Policy) മദ്യത്തെയും ലഹരി പദാർത്ഥങ്ങളെയും സംബന്ധിച്ച പരാമർശമുള്ളത്.
പ്രധാനമായും അനുച്ഛേദം 47 (Article 47) ആണ് ഇതുമായി ബന്ധപ്പെട്ടത്. ഇതിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ താഴെ നൽകുന്നു:
1. അനുച്ഛേദം 47 (Article 47)
ഈ വകുപ്പ് പ്രകാരം, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും ഭരണകൂടം മുൻഗണന നൽകണം. ഇതിന്റെ ഭാഗമായി:
ആരോഗ്യത്തിന് ഹാനികരമായ മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം നിരോധിക്കാൻ ഭരണകൂടം ശ്രമിക്കേണ്ടതാണ്. ഔഷധ ആവശ്യങ്ങൾക്കല്ലാതെ (Medicinal purposes) മദ്യമോ ലഹരിമരുന്നുകളോ ഉപയോഗിക്കുന്നത് തടയാൻ നിയമങ്ങൾ നിർമ്മിക്കാം.

കേരളത്തിൽ മദ്യത്തിന്റെ വിൽപന, ഉപയോഗം, പരസ്യം എന്നിവ നിയന്ത്രിക്കുന്നത് കേരള അബ്കാരി നിയമം (Kerala Abkari Act, 1077) നിലവിലുണ്ട്.
മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പരസ്യങ്ങൾ നൽകുന്നതിനുമെതിരെയുള്ള പ്രധാന വകുപ്പുകൾ താഴെ പറയുന്നവയാണ്:

1. അബ്കാരി നിയമം  വകുപ്പ് 55H (പരസ്യ നിരോധനം)
മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള എല്ലാത്തരം പരസ്യങ്ങളും ഈ വകുപ്പ് പ്രകാരം കർശനമായി നിരോധിച്ചിരിക്കുന്നു.
നിരോധനം: മദ്യം ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതോ (Soliciting), മദ്യം വാഗ്ദാനം ചെയ്യുന്നതോ ആയ പരസ്യങ്ങൾ അച്ചടിക്കുന്നതോ, പ്രസിദ്ധീകരിക്കുന്നതോ, പ്രദർശിപ്പിക്കുന്നതോ കുറ്റകരമാണ്.

Puthumana Arcade, Near Axis Bank,Kottaramattam, Palai,Kottayam, Kerala, India-686575.Tel: +91 4822 214228 | F: +91 4822 214228 |
M: +91 9447702117 | E -mail ebyjjose@gmail.com

മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷൻ
महात्मा गाँधी नेशनल फ़ाऊंडेशन
Mahatma Gandhi National Foundation
RegisterNo.:K111/2007.RegisteredundertheTravancore-CochinLiterary,ScientificandCharitableSocietiesRegistrationAct,1955

Unique Id of VO/NGOKL/2022/0309720

*Chief Patron*
**Dr. Justice K. Narayana Kurup**
(Former Judge, High Court of Kerala &
Ag. Chief Justice , High Court of Madras)

*Chairman*
**Eby J Jose**



മദ്യപാനം പ്രോത്സാഹിപ്പിക്കുന്നതിനെതിരെയുള്ള നിയന്ത്രണങ്ങൾ നിലവിൽ ഉണ്ട്.
ഇതു പ്രകാരം സറോഗേറ്റ് അഡ്വർടൈസിംഗ് (Surrogate Advertising): മദ്യത്തിന്റെ പേരോ ബ്രാൻഡോ ഉപയോഗിച്ച് സോഡ, സിഡി, മ്യൂസിക് തുടങ്ങിയവയുടെ പേരിൽ നടത്തുന്ന പരോക്ഷ പരസ്യങ്ങളും നിയമവിരുദ്ധമാണ്.

മദ്യനിരോധന നിയമം (Prohibition Act)
കേരളത്തിൽ നിലവിൽ പൂർണ്ണ മദ്യനിരോധനമില്ലെങ്കിലും, ഈ നിയമത്തിലെ വകുപ്പ് 6, മദ്യപാനം പ്രോത്സാഹിപ്പിക്കുന്നതിനെതിരെ സംസാരിക്കുന്നു.

ഏതെങ്കിലും വ്യക്തി മദ്യം ഉപയോഗിക്കാൻ മറ്റൊരാളെ പ്രേരിപ്പിക്കുകയോ (Soliciting), പൊതുജനങ്ങളെ ഇതിനായി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവൃത്തികൾ ചെയ്യുകയോ ചെയ്യുന്നത് കുറ്റകരമാണ്.

ഈ സാഹചര്യത്തിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടറുടേതായി പുറത്തിറക്കിയിരിക്കുന്ന അറിയിപ്പ് പരസ്യത്തിന്റെ ഗണത്തിൽ വരുന്നതാണ്. പുതിയ മദ്യം (ബ്രാണ്ടി) വിപണിയിൽ ഇറങ്ങുന്നുവെന്ന പരസ്യമാണ് ഇതുവഴി ചെയ്തിരിക്കുന്നത്. ഇത് പരോക്ഷമായ മദ്യപരസ്യത്തിന്റെ ഗണത്തിൽ വരുന്ന കാര്യമാണ്.

ആയതിനാൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടറുടെ പരസ്യത്തെക്കുറിച്ച് അന്വേഷണം നടത്തി പ്രസ്തുത മത്സരം നിർത്തണമെന്നും മദ്യത്തിന്റെ പേരിലുള്ള പരസ്യത്തിനായി ഇത്തരം പ്രചാരണം നടത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ഇന്ത്യൻ ഭരണഘടന അനുച്ഛേദം 47 (Article 47) പ്രകാരം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും ഭരണകൂടം മുൻഗണന നൽകേണ്ടതിനാൽ പ്രസ്തുത ബ്രാണ്ടി ഉത്പാദിപ്പിക്കുന്നതിന് വിലക്കേർപ്പെടുത്തി ഭരണഘടനയോടും ജനങ്ങളോടും നീതി പുലർത്തണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Eby J Jose
Chairman
Mahatma Gandhi National Foundation
Kottaramattam, Pala P O
Kottayam Dist.
Kerala - 686575
MOB: 9447702117

Pala
31/12/2026

Puthumana Arcade, Near Axis Bank,Kottaramattam, Palai,Kottayam, Kerala, India-686575.Tel: +91 4822 214228 | F: +91 4822 214228 |
M: +91 9447702117 | E -mail ebyjjose@gmail.com

# പ്രസിദ്ധീകരണത്തിന്

പാലക്കാട് മേനോൻപാറയില് പ്രവർത്തിക്കുന്ന മലബാര് ഡിസ്റ്റിലറീസ് ലിമിറ്റഡിൽ നിന്നും നിർമ്മിക്കാന് ഉദ്ദേശിക്കുന്ന ഇന്ത്യന് നിർമ്മിത വിദേശ മദ്യത്തിൻറെ (ബ്രാൻഡി) ലോഗോയും മദ്യത്തിൻറെ പേരും പൊതു ജനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇതിലേക്കുള്ള നിർദ്ദേശങ്ങള് 07/01/2026-നകം malabardistilleries@gmail.com എന്ന മെയിൽ ഐഡിയില് അറിയിക്കാവുന്നതാണ്. അനുയോജ്യമായ ലോഗോയും പേരും നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് 10,000/-രൂപ വീതം ഉദ്ഘാടനവേളയിൽ പാരിതോഷികം നൽകുന്നതാണ്.


**ചെയർപേഴ്സണ് & മാനേജിംഗ് ഡയറക്ടർ**

**News18 Kerala**

23m ·

ബ്രാൻഡി നിർമാണത്തിന് സർക്കാർ; പൊതുജനത്തിന് പേര് നിർദേശിക്കാം

#news18kerala



asianet news

# പുതിയ സർക്കാർ ബ്രാൻഡിക്ക് പേര് നിർദേശിക്കാം

## 10,000 രൂപ സമ്മാനം

## അവസാന തീയതി ജനുവരി 7

MALABARDISTILLERIES@GMAIL.COM



REPORTER

30 DEC 2025

# 'ജവാൻ' പോലൊരു പേര് തേടി ബെവ്കോ

reporterlive.com

## ന്യൂ ബ്രാൻഡ്

മദ്യത്തിന് പുതിയ പേരുണ്ടോ കയ്യിൽ?



പുതിയ സർക്കാർ ബ്രാൻഡിക്ക് പേര് നിർദേശിക്കാം

10,000 രൂപ സമ്മാനം

അവസാന തീയതി ജനുവരി 7




30
DEC
2025
KERALA
KAUMUDI
പേര് നിർദേശിക്കൂ,
10,000 രൂപ നേടൂ
കേരള സർക്കാർ നിർമ്മിക്കുന്ന ബ്രാൻഡിക്ക്
പേരിടാൻ പൊതുജനങ്ങൾക്ക് അവസരം
അവസാന
തീയതി
ജനുവരി 7
malabar
distilleries
@gmail.com
keralakaumudi.com

30.12.2025

# കേരള സർക്കാർ നിർമിക്കുന്ന ബ്രാൻഡിക്ക്

# പേരും ലോഗോയും നിർദേശിക്കാം

mathrubhumi.com



## ₹10,000 സമ്മാനം

mathrubhumi.com
Follow Us